ഡോ. എ. നീലലോഹിതദാസൻ നാടാർ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൃഷിക്കാരുടെ കടാശ്വാസം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; അതുകൊണ്ട് എത്ര കർഷകർക്ക് എത്ര തുകയുടെ പ്രയോജനം കിട്ടി ?

ശ്രീ. കെ. എം. മാണി : ഇതൊരു കോംപൗണ്ടിംഗ് ക്വസ്റ്റ്യനാണ്. ഞാൻ നിരവധി തവണ പറഞ്ഞിട്ടുണ്ട്. നമ്മൾ കടനിവാരണ നിയമത്തിൽ ഗവൺമെന്റിൽ നിന്നുള്ള കടങ്ങൾക്ക് മോറട്ടോറിയം ഒരു വർഷവും സഹകരണ ബാങ്കുകളിൽ 6 മാസവും പലിശ ഇളവ്, പീനൽ ഇന്ററസ്റ്റ് എല്ലാം ഇല്ലാതെ, അതുകഴിഞ്ഞ് 30 ഗഡു കൂടി കൊടുക്കുന്നു. അത് വലിയൊരു ആശ്വാസമായിരുന്നു.

തുർക്കിയിൽ കയറുൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ നടപടി

3 (*689) ശ്രീ. എം. മുരളി :
ശ്രീ. ജോർജ് ജെ. മാത്യു :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുർക്കിയിൽ കയറിനും കയറുൽപ്പന്നങ്ങൾക്കും മാർക്കറ്റ് വർദ്ധിപ്പിക്കുമെന്ന് 2003 മേയ് മാസത്തിൽ തുർക്കി അംബാസിഡർ ആലപ്പുഴയിൽവച്ച് പ്രസ്താവിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് തുർക്കിയിൽ കയറിന്റെയും കയറുൽപ്പന്നങ്ങളുടേയും വിപണി കണ്ടെത്താൻ എന്തെല്ലാം ശ്രമം നടത്തി ;

(സി) ഇക്കാര്യത്തിൽ നടത്തുന്ന ശ്രമങ്ങൾ തുർക്കി അംബാസിഡറുടെ ശ്രദ്ധയിൽപ്പെടുത്തിയോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ,

(എ) ഉണ്ട്.

(ബി&സി) തുർക്കിയിൽ കയറിനും കയറുൽപ്പന്നങ്ങൾക്കും ഉള്ള വിപണി സംബന്ധിച്ച് വിശദവിവരങ്ങൾ അന്വേഷിച്ചറിയാൻ സംസ്ഥാന കയർ കോർപ്പറേഷൻ അതിന്റെ ഡൽഹി ശാഖയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. 2001-02-ൽ ഐ.ടി.പി.ഒ., ടർക്കി റിപ്പബ്ലിക്കിൽ നടത്തിയ പ്രോഡക്റ്റ് പ്രൊമോഷൻ പ്രോഗ്രാമിൽ കയർബോർഡ് പങ്കെടുത്തു. അതനുസരിച്ച് ലഭിച്ച എട്ട് അന്വേഷണങ്ങൾ കയർ കയറ്റുമതിക്കാരെ അറിയിച്ചിട്ടുണ്ട്.

പ്രൊഫ. എ. ഡി. മുസ്തഫ : എട്ട് അന്വേഷണങ്ങൾ നടന്നുവെന്നും അത് ബന്ധപ്പെട്ടവരെ അറിയിച്ചുവെന്നും പറഞ്ഞു. അതിൽ വല്ല പുരോഗതിയും ഇതുവരെ നേടാൻ കഴിഞ്ഞിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇതുസംബന്ധിച്ച് കയർ ബോർഡിന് കിട്ടിയ ഓർഡറാണ്. കയർ ബോർഡ് അതുസംബന്ധിച്ച് ഇത്ര വിവരമേ ഗവൺമെന്റിൽ അറിയിച്ചിട്ടുള്ളു. വേറെ വിവരമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ് : കയർ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കിട്ടാൻ വേണ്ടിയാണ് തുർക്കി അംബാസിഡർ ആലപ്പുഴയിൽ വന്നപ്പോൾ ഇതിനെ സംബന്ധിച്ച ഒരു പ്രഖ്യാപനം നടത്തിയതെന്ന് പത്രങ്ങളിലൂടെ കാണാൻ കഴിഞ്ഞു. അതുസംബന്ധിച്ചുള്ള കത്ത് ഇടപാടുകളോ മറ്റ് ചർച്ചകളോ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : വിലകിട്ടുന്നതിന് വേണ്ടിയാണോ എന്നറിയില്ല, ഈ അംബാസിഡർ ആലപ്പുഴ ആസ്പിൻവാൾ കമ്പനിയുടെ ക്ഷണം അനുസരിച്ചാണ് വന്നത്. ഗവൺമെന്റിനെ അറിയിച്ചല്ല. എങ്കിലും അവിടെ വന്നുകഴിഞ്ഞതിനുശേഷം അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റ് വച്ച് കൂടുതൽ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് കയർ കോർപ്പറേഷനിലെ ഡൽഹിയിലെ റെപ്രസന്റേറ്റീവിനെക്കൊണ്ട് അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. പി. ടി. തോമസ്: കയറുൽപ്പന്നങ്ങൾ വിദേശത്ത് കയറ്റി അയയ്ക്കുന്നത് മാത്രമല്ല നമ്മുടെ നാട്ടിലൊക്കെ കയ്യാലകളും മതിലുകളുമൊക്കെ പണിയുന്നതിന് കയർ ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരു പുതിയ വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അത് പ്രോഡക്റ്റുകളാക്കി മാറ്റാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാൻ കഴിയുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അത് ജിയോ ടെക്സ്റ്റൈൽസിന്റെ കാര്യമാണ് പറഞ്ഞത്. ജിയോ ടെക്സ്റ്റൈൽസ് ഇക്കൊല്ലം തന്നെ നൂറോളം പ്രോജക്ടുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ചിലയിടത്ത് പഞ്ചായത്തുകളും മറ്റ് സ്ഥാപനങ്ങളുമായിട്ടാണ് agreement വരുന്നത്. നദീതട പദ്ധതികൾക്ക് ചിറകെട്ടാൻ, മലയിടിച്ചിൽ ഉണ്ടാകാതിരിക്കാൻ, കടൽ കയറാതിരിക്കാനൊക്കെ ഉപകരിക്കത്തക്കവിധത്തിലുള്ള നടപടികളാണ് പണമനുസരിച്ച് ഇതിനു വേണ്ടിയുള്ള നടപടികളെടുക്കും. പരീക്ഷണങ്ങൾ കോന്നി (Agriculture University-യുടെ Farm)-യിൽ നടക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നല്കിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

കേന്ദ്രഗവൺമെന്റ് ആനുകൂല്യം നൽകുന്ന വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും, നാഷണൽ പാർക്കുകളും

4 (*690) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾക്കും നാഷണൽ പാർക്കുകൾക്കും കേന്ദ്ര ഗവൺമെന്റ് ആനുകൂല്യം നൽകുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly